# ആഘോഷങ്ങളുടെ ഇടവഴികൾ

• സിതാര. എസ്



ആഘോഷങ്ങളും ഉത്സവങ്ങളും മലയാളിക്ക് അതിവൈകാരികമായ ചില രക്ഷപ്പെടലുകളാണ്. ഗൃഹാതുരതയുടെയും നഷ്ടബോധത്തിന്റെയും ആവരണമണിഞ്ഞ ഒന്ന്. തിമർത്തുല്ലസിച്ച് ആഘോഷിക്കുമ്പോഴും ഇത് ഇങ്ങനെയല്ല വേണ്ടത് എന്ന് അവരുടെ മനസ്സ് പറഞ്ഞുകൊണ്ടേയിരിക്കും. അവരുടെ ഉത്സവങ്ങളുടെ ശുദ്ധലഹരിയിലും ഇത് എപ്പോഴോ വേറെയെങ്ങനെയൊക്കെയോ ആയിരുന്നല്ലോ എന്ന് കറുപ്പ് പതഞ്ഞുകൊണ്ടിരിക്കും.

ഒരു സാദാ മലയാളിയുടേതിൽ നിന്ന് പതിന്മടങ്ങ് ഗൃഹാതുരമാണ് ഗൾഫ് പ്രവാസികളുടെ ഉത്സവാഘോഷം. എങ്കിലും, ജീവിതത്തിന്റെ ഇട്ടാവട്ടങ്ങളിൽ ഒതുക്കപ്പെടുന്നത്. പലരും ഈസ്റ്ററോ ഓണമോ വിഷുവോ ഒക്കെ ആഘോഷിക്കുന്നത് തൊട്ടപ്പുറത്തെ വെള്ളിയാഴ്ചകളിലാണ്. സ്വന്തം സൗകര്യാർത്ഥമുള്ള ചെറിയൊരു തിരിമറി. ഓണദിവസമല്ലെങ്കിലും മാവേലിത്തമ്പുരാന് അന്ന് ഗൾഫിലേക്ക് രണ്ടാമതൊരു യാത്ര വേണ്ടിവരും എന്ന് ഒരിക്കൽ ഒരു സുഹൃത്ത് പറഞ്ഞു. ഇത്രയധികം മലയാളികൾ ഒന്നിച്ച് ഓണമുണ്ണുമ്പോൾ അങ്ങേർ പാതാളത്തിൽ അടങ്ങിയിരിക്കുന്നതെങ്ങനെ?

മതപരമായി അൽപം യാഥാസ്ഥിതിക രീതികൾ പിന്തുടരുന്ന സൗദി അറേബ്യയിലാണ് കഴിഞ്ഞ പത്തുവർഷമായി ഞാൻ ജീവിക്കുന്നത്. പക്ഷേ, ആഘോഷങ്ങളിലെ മതേതരത്വം കാത്തുസൂക്ഷിക്കുന്നതിൽ ഇവിടത്തെ മലയാളികൾ ഒരു പിശുക്കും കാണിക്കാറില്ല. പെരുന്നാൾ, ഓണം, വിഷു, ക്രിസ്മസ് ഉത്സവങ്ങളേതായാലും ഞാനടക്കമുള്ള മലയാളിസമൂഹത്തിന് അത് സന്തോഷിക്കാനുള്ള ഓരോ കാരണങ്ങൾ മാത്രമാണ്. നേരത്തെ പറഞ്ഞ, രക്ഷപ്പെടലിന്റെ ലഹരി നുകരാനുള്ള ഒരു മാർഗവും.

ഒരു മിശ്രവിവാഹത്തിന്റെ എല്ലാ അങ്കലാപ്പുകളോടും കൂടിയാണ് ഞാൻ ഭർത്താവിനൊപ്പം വർഷങ്ങൾക്കുമുമ്പ് സൗദിയിലെത്തിയത്. അവിടെയുണ്ടായിരുന്ന അവന്റെ ബന്ധുക്കൾ എന്റെ എല്ലാ ഭയങ്ങളെയും മഞ്ഞുപോലെ ഉരുക്കിക്കളഞ്ഞു. അവരെപ്പറ്റി ഓർക്കുമ്പോഴൊക്കെ എന്റെ ഉള്ള് നന്ദികൊണ്ടും സന്തോഷംകൊണ്ടും നിറയാറുണ്ട്. സ്വന്തം വീട്ടിലെ കുട്ടിയായി എന്നെ സ്വീകരിച്ചതിന്, എന്റെ നേട്ടങ്ങളിൽ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നതിന്, അണുകുടുംബത്തിൽ വളർന്ന എനിക്ക് ബന്ധങ്ങളുടെ ശക്തി കാണിച്ചുതന്നതിന്... അങ്ങനെ ഒരുപാട് കാര്യങ്ങൾക്ക്. എല്ലാ ആഘോഷങ്ങളേയും തങ്ങളുടേതാക്കി മാറ്റുന്നതെങ്ങനെ എന്ന് എന്നെ കാണിച്ചുതന്നതും അവരാണ്.

സൗദിയുടെ തലസ്ഥാനമായ റിയാദിലാണ് എന്റ പ്രവാസത്തിന്റെ ആദ്യനാളുകൾ കഴിഞ്ഞുപോയത്. തികച്ചും കഠിനമായിരുന്നു അവ... നാടിന്റെ രുചികൾ, സ്നേഹം, പച്ചപ്പ്... ഒക്കെ ഓർത്തുകൊണ്ടുള്ള ഗൃഹാതുരമായ ഒരു ജീവിതം. എല്ലാ വ്യാഴാഴ്ചകളിലും വെള്ളിയാഴ്ചകളിലും ഞങ്ങൾ എന്റെ ഭർത്താവിന്റെ മാതുലനായ മാമുക്കായുടെ ഫ്ളാറ്റിലേക്ക് പോകും. ബന്ധുക്കളും അല്ലാത്തവരുമൊക്കെയായി അപ്പോഴവിടെ പത്തുനാൽപതുപേരുണ്ടാവും. തമ്പോലകളിയും വെടിവെട്ടവുമൊക്കെയായി സന്ധ്യകൾ പ്രകാശമയമാകും. എല്ലാവർക്കും ഭക്ഷണവും അവിടെനിന്നു തന്നെയാണ്. കുടുംബകൂട്ടായ്മകളുടെ ഊഷ്മളത ഞാനാദ്യമായി കാണുന്നത് അവിടെ നിന്നാണ്.

മാമുക്കായുടെ വീട്ടിലായിരുന്നു മിക്കപ്പോഴും ഞങ്ങളുടെ ഓണം, വിഷു, പെരുന്നാൾ ആഘോഷങ്ങൾ. ഓണവും വിഷുവും ആഘോഷിക്കുന്നത് വിപുലമായാണ്. മാമുക്കായുടെ ഭാര്യ, ഞങ്ങളുടെയെല്ലാം പ്രിയപ്പെട്ട അമ്മായി, ഓരോ കുടുംബങ്ങൾക്കും ഒന്നോ രണ്ടോ വിഭവങ്ങളുടെ ചുമതല വീതിച്ചു നൽകും. അങ്ങനെ അധികം അധ്വാനമില്ലാതെ സമൃദ്ധമായ സദ്യ തയ്യാറാകും. ഞങ്ങൾ തന്നെ ഓണമോ വിഷുവോ ആയി നിശ്ചയിച്ചുറപ്പിക്കുന്ന ഒരു വെള്ളിയാഴ്ച ദിവസം ആ സദ്യയുമായി മാമുക്കായുടെ ഫ്ളാറ്റിൽ ഒത്തുകൂടും. ആദ്യമൊക്കെ സദ്യ വിളമ്പിയിരുന്നത് ചതുരാകൃതിയിൽ മുറിച്ച ഫോയിൽ പേപ്പറുകളിലായിരുന്നു. (പിന്നീട് കച്ചവടക്കാർ ഓണം, വിഷു കാലങ്ങളിൽ നാട്ടിൽ നിന്നും വാഴയിലയും കയറ്റി വരുത്താൻ തുടങ്ങി.) കഷ്ടപ്പെട്ടാണെങ്കിലും നിലത്ത് ചമ്രം പടിഞ്ഞിരുന്ന് ഗൃഹാതുരതയുടെ വിയർപ്പുതുള്ളികൾക്കൊപ്പം ഞങ്ങൾ ഭക്ഷണം കഴിക്കും. ഒരുപാടുപേരുടെ ബഹളങ്ങൾക്കും തമാശകൾക്കും ഇടയിലിരിക്കെ ഞാൻ, വീട്ടിലല്ലാത്തതിന്റെ സങ്കടം മറക്കും. അപ്പോഴൊക്കെ വിളമ്പലിനും മററും നേതൃത്വം കൊടുത്ത് അമ്മായി സ്നേഹത്തിന്റെ പ്രകാശം പൊഴിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുന്നുണ്ടാകും.

പെരുന്നാളാഘോഷങ്ങളുടെ രസം അവിടെ അൽപം വ്യത്യസ്തമാണ്. ബാച്ച്ലർ റൂമിലെ പാചകക്കാരനായ ഉസ്മാനിക്കയാണ് അന്നത്തെ താരം. പാചകം മൊത്തം അങ്ങേർ ഏറ്റെടുക്കും. സ്ത്രീകൾക്ക് അന്ന് പരിപൂർണ വിശ്രമമാണ്. രാവിലത്തെ പെരുന്നാൾ നിസ്കാരവും വിശാലമായ പ്രാതലും ചെറിയൊരു ഉറക്കവും കഴിഞ്ഞ് എല്ലാവരും മാമുക്കായുടെ ഫ്ളാറ്റിലെത്തും. അപ്പോഴേക്കും ഉസ്മാനിക്കയുടെ വക ബിരിയാണിയും അൽസയും മറ്റും റെഡിയായിട്ടുണ്ടാവും. അതിന്റെ സ്വാദാൽ ഞങ്ങളെല്ലാവരും സ്വന്തം സ്വത്വത്തിലേക്ക് രക്ഷപ്പെടും.

ഓരോ മലയാളി പ്രവാസിക്കും ഉത്സവങ്ങളെപ്പറ്റിയുള്ള ഇത്തരം കൂട്ടനുഭവങ്ങൾ ഉണ്ടാകും. ആഘോഷം എന്തായാലും എങ്ങനെയുള്ളതായാലും അവർക്ക് അത് ഓർമകളിൽ നിന്നും ഓർമകളിലേക്കുള്ള ഇടവഴികളാണ്. എന്റെ കാര്യവും വ്യത്യസ്തമല്ല. ചില നിമിഷങ്ങളിലേക്കെങ്കിലും ഏകാന്തതയെ അകറ്റി നിർത്താനുള്ള, വരാനിരിക്കുന്ന ദിവസങ്ങളിലെപ്പോഴൊക്കെയോ തെളിമയോടെ നിവർന്നു വീഴാനുള്ള കുറച്ചു പാവം വഴികൾ...